"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ വകുപ്പ് - പ്ലാൻ ഫണ്ട് 2023-24 - ഇംഹാൻസ് - 'Remodeling the open terrace at IMHANS to an Auditorium' എന്ന പ്രവൃത്തി നടപ്പിലാക്കുന്നത് - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.727/2024/H&FWD തീയതി,തിരുവനന്തപുരം, 12-03-2024

---

പരാമർശം:- 1. ഇംഹാൻസ് ഡയറക്ടറുടെ 21.02.2024 തീയതിയിലെ 216/2024/ഇംഹാൻസ് എന്ന നമ്പർ കത്ത്

2. 01.03.2024-ൽ ചേർന്ന ഡിപ്പാർട്ടമെന്റ് വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

**ഉത്തരവ്**

2023-24 സാമ്പത്തികവർഷത്തിലെ വാർഷികപദ്ധതി പ്രകാരം, ഇംഹാൻസിൽ 'Remodeling the open terrace at IMHANS to an Auditorium' എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി '2210-05-200-95-35 - ഇംഹാൻസ് - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള ധനസഹായം (പ്ലാൻ)' എന്ന ശീർഷകത്തിന് കീഴിൽ 1 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിനായി, മേൽ പരാമർശം 1-ലെ കത്ത് പ്രകാരം പ്രൈസ് സോഫ്റ്റ്വെയർ DSoR 2018-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റ് സഹിതം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് & ന്യൂറോസയൻസസ് (ഇംഹാൻസ്) ഡയറക്ടർ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു.

**2.** 01.03.2024-ൽ ചേർന്ന ഡിപ്പാർട്ടമെന്റ് വർക്കിംഗ് ഗ്രൂപ്പ് യോഗം Remodeling the open terrace at IMHANS to an Auditorium' എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിനായി ഇംഹാൻസ് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസൽ പരിശോധിക്കുകയും ആയത് അംഗീകരിക്കുകയും ചെയ്യുകയുണ്ടായി.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Remodeling the open terrace at IMHANS to an Auditorium' എന്ന പ്രവൃത്തിക്ക് **'2210-05-200-95-35 - ഇംഹാൻസ് - മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള ധനസഹായം (പ്ലാൻ)'** എന്ന ശീർഷകത്തിന് കീഴിൽ **1 കോടി രൂപയുടെ (ഒരു കോടി രൂപ മാത്രം) ഭരണാനുമതി** നൽകി ഉത്തരവാകുന്നു.

**4.** മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ വാങ്ങലുകളും സ്റ്റോർ പർച്ചേസ് റൂൾസ് കൃത്യമായി പാലിച്ച് കൊണ്ട് നടത്തേണ്ടതാണ്. അംഗീകരിച്ച പ്രൊപ്പോസലിന് അനുസൃതമായി, സുതാര്യമായും നിലവിലുള്ള മാനദണ്ഡങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായും, പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുഭാഷ് ആർ

അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ (ഹെൽത്ത്-എ) വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് : ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.
ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

Signed by
P K Santhosh
Date: 12-03-2024 10:39:07
സെക്ഷൻ ഓഫീസർ